**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5097** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റിയ ഇനത്തിൽ ലഭിച്ച ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി പ്രകാരം ഭൂമി തരം മാറ്റിയ ഇനത്തിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ ഫണ്ട് കാർഷിക അഭിവൃദ്ധിയ്ക്കായി ഉപയോഗിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശ പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | തരംമാറ്റ നടപടികൾ ആരംഭിച്ച 2018 മുതൽ 2025 ജനുവരി 22 പൂർവാഹ്നം വരെയും ഭൂമി തരം മാറ്റിയ ഇനത്തിൽ ശേഖരിച്ച തുകയിൽ നിന്നും ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയ ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ വാടക, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ (സ്റ്റേഷനറി) വാങ്ങൽ, അദാലത്ത് സംഘടിപ്പിക്കൽ എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ അനധികൃതമായി നികത്തിയ നെൽവയലുകൾ പൂർവസ്ഥിതിയിലാക്കുന്നതിനായി 6 ലക്ഷം രൂപ പ്രത്യേകമായും അനുവദിച്ചിട്ടുണ്ട് .<br><br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 ഡി പ്രകാരം ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു കാർഷികാഭിവൃദ്ധി ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, ഫണ്ടിന്റെ നടത്തിപ്പ് സർക്കാർ നിർദ്ദേശിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ബഹു. കേരള ഹൈക്കോടതിയുടെ WP(C) 26592/2022-മേലുള്ള 28/11/2024 - ലെ വിധിന്യായത്തിൽ, ഫണ്ട് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി വിനിയോഗിക്കണമെന്ന നിർദ്ദേശമുള്ളതാണ്.<br><br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 27 ഡി (2) പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ ചുമതലക്കാരനായ സംസ്ഥാനതല ഉദ്യോഗസ്ഥനായി 30-07-2022-ലെ സ.ഉ.(അച്ചടി)നം.211/2022/RD പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ നിയോഗിച്ചിട്ടുള്ളതാണ്. ലാൻഡ് റവന്യൂ കമ്മീഷണറുടെ (സംസ്ഥാനതല ഉദ്യോഗസ്ഥൻ) പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ നിലവിലുള്ള സ്പെഷ്യൽ ട്രഷറി |

| | | | |
|---|---|---|---|
| | | | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് 22/01/2025 മുതൽ തുക വരവ് വന്നു തുടങ്ങിയിട്ടുള്ളതുമാണ്.<br><br>2008-ലെ കേരള നെൽവയൽ സംരക്ഷണ ചട്ടം 14 പ്രകാരം താഴെ പറയുന്ന ചെലവുകളുടെ ആവശ്യത്തിലേക്കായി തുക വിനിയോഗിക്കാവുന്നതാണ്.<br><br>1) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ<br><br>2) നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ വേണ്ടി വരുന്ന ചെലവുകൾ<br><br>3) നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ല/താലൂക്ക് തല സ്ക്വാഡുകളുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മറ്റെല്ലാവിധ ചെലവുകളും<br><br>4) ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹചിത്രങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി വരുന്ന ചെലവുകൾ<br><br>5) കൃഷി ഭൂമിയുടെ സംരക്ഷണത്തിനുള്ള ഒരു സുപ്രധാന നടപടിയായ ലൈഫ് മിഷൻ ഭവന സമുച്ചയ പദ്ധതിയിലെ ഓരോ യൂണിറ്റിന്റെയും നിർമ്മാണ ചെലവിന്റെ മൂന്നിൽ രണ്ട് ഭാഗം വരെയുള്ള ചെലവ്<br><br>മേൽപറഞ്ഞ ആവശ്യങ്ങൾക്കായി കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്ന വിഷയം, ബഹു. കേരള ഹൈക്കോടതിയുടെ 28/11/2024 ലെ WP(C) 26592/2022 നമ്പർ വിധിന്യായത്തിന്റെ കൂടി പശ്ചാത്തലത്തിൽ, പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ നടത്തിപ്പ് ചുമതല നിക്ഷിപ്തമാക്കിയ സംസ്ഥാനതല ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(അച്ചടി) നം.211/2022/RD തീയതി,തിരുവനന്തപുരം, 30-07-2022

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22/12/2018-ലെ എൽ.ആർ.എ1-11786/2018 നം. കത്ത്.
2. ധനകാര്യ (സ്റ്റീം ലൈനിംഗ്) വകുപ്പിന്റെ 09/04/2019-ലെ സ.ഉ(സാധാ)2909/2019/ധന നമ്പർ ഉത്തരവ്.
3. ധനകാര്യ (സ്റ്റീം ലൈനിംഗ്) വകുപ്പിന്റെ 16/05/2019-ലെ സ.ഉ(സാധാ)2909/2019/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2018-ലെ 29-ാം ആക്റ്റ് മുഖേന ഭേദഗതി ചെയ്തതിലെ, വകുപ്പ് 27 (ഡി) (1) പ്രകാരം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഫണ്ട് എന്ന് പരാമർശിക്കുന്ന കാർഷിക അഭിവൃദ്ധി ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, വകുപ്പ് 27 (ഡി) (2) പ്രകാരം, ഫണ്ടിന്റെ നടത്തിപ്പ് സർക്കാർ നിയോഗിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

2. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ വകുപ്പ് 27 ഡി പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ കസ്റ്റോഡിയനായ ഉദ്യാഗസ്ഥനായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നതാവും ഉചിതമെന്നും, ആയതിലേക്ക് തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ ഒരു പലിശ രഹിത റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്നും, പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2)-ലെയും പരാമർശം (3)-ലെയും ഉത്തരവുകൾ പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു പലിശ രഹിത റ്റി.എസ്.ബി അക്കൗണ്ട് തുറക്കുന്നതിന് അനുമതി നല്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, പരാമർശം (2)-ലെയും പരാമർശം (3)-ലെയും ഉത്തരവുകൾക്കു തുടർച്ചയായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 (ഡി) (1) പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ, വകുപ്പ് 27 (ഡി) (2) പ്രകാരമുള്ള നടത്തിപ്പ് ചുമതല നിക്ഷിപ്തമാക്കിയ സംസ്ഥാനതല ഉദ്യോഗസ്ഥനായി, " **കമ്മീഷണർ, ലാൻഡ് റവന്യൂ** " വിനെ നിയോഗിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കൃഷി (എൻസിഎ) വകുപ്പ്
നിയമ വകുപ്പ് (23.07.2022-ലെ ലെഗ് ബി2/14/2022/നിയമം പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E ), കേരളം, തിരുവനന്തപുരം
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Joshy.k.l**
**Date: 01-08-2022 16:08:22**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹ.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹ.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹ.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹ.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ബഹ.റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്